# ജാമക്കാരൻ
# JAMAKKARAN

**VOLUME - 9** **Reg NO.TNBIL/2016/70171** **ISSUE - 3**

**MARCH - 2025 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)

പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)

(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427 - 2386464. www.jamakaran.com

Mob.: No. **9894261333**

കർത്താവിൻ പ്രിയരേ,

നിങ്ങൾ എല്ലാവർക്കും എന്റെ ആശംസകൾ



കഴിഞ്ഞ കാലങ്ങളിൽ ഞാൻ നേരിട്ട ബലഹീനതകളും, ആശുപത്രിവാസവും എല്ലാം നിങ്ങൾ വായിച്ച് അറിഞ്ഞു കാണും എന്നു വിശ്വസിക്കുന്നു. ഞാൻ ദൈവീക ശുശ്രൂഷ തുടങ്ങിയ 1964 മുതൽ 2024 ഡിസംബർ മാസം വരെ, എന്റെ സുവിശേഷ പ്രസംഗങ്ങളിൽ, എനിക്ക് രോഗം ഒന്നും ഇതുവരെയും വന്നിട്ടില്ല, ഒരു തലവേദന പോലും വന്നിട്ടില്ല എന്നു പ്രസംഗിച്ചിരുന്നു. എന്നാൽ എന്റെ ഉള്ളിൽ നിഗളിപ്പും അഹങ്കാരവും അടങ്ങിയിരുന്നത് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. തല ഭാരം എന്ന വേദന ഞാൻ അനുഭവിച്ചിട്ടുണ്ട്, എന്നാൽ തലവേദന ഞാൻ അനുഭവിച്ചിട്ടില്ല. പക്ഷേ ആ കാര്യം എന്റെ നിഗളിപ്പിനു കാരണമായി എന്നു ഞാൻ മനസ്സിലാക്കി.

# MARCH - 2025

നമ്മുടെ ദൈവത്തിന് അഹങ്കാരം ഒരിക്കലും ഇഷ്ടമുള്ളതല്ല. തന്നെത്താൻ താഴ്ത്തുന്നവനെ കർത്താവ് ഉയർത്തും, അഹങ്കാരികളെ ദൈവം താഴത്തുന്നു. അപ്പൊസ്തലപ്രവൃത്തി 12–ാം അദ്ധ്യായത്തിന്റെ അവസാനത്തിൽ, ഹെരോദാ രാജാവ് ജനങ്ങളോട് പ്രസംഗിച്ചപ്പോൾ, ഇത് ദൈവത്തിന്റെ ശബ്ദം എന്നു ജനം പുകഴ്ത്തി. രാജാവിനെ ജനം പുകഴ്ത്തിയപ്പോൾ, രാജാവ് ദൈവത്തിന് നന്ദി പറയാത്തതുകൊണ്ട് ദൈവകോപം അവന്മേൽ ഉണ്ടായി. ദൈവത്തിന്റെ ദൂതൻ അവനെ അടിച്ചു, അവൻ കൃമിയ്ക്ക് ഇരയായി എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

പ്രസംഗം നന്നായിരുന്നു. പക്ഷെ, പ്രസംഗിച്ചവൻ ആ പ്രസംഗം കർത്താവ് കൊടുത്തത് എന്ന് പറഞ്ഞിരിക്കണം, അല്ലെങ്കിൽ കർത്താവ് എന്നെ തന്റെ ഉപകരണമാക്കി എന്നു പറഞ്ഞിരിക്കണം. പക്ഷേ, ഹേരോദാവ് ആ പ്രസംഗം താൻ തയ്യാറാക്കിയതെന്നു ജനം മനസ്സിലാക്കട്ടെയെന്നു വിചാരിച്ച് മൗനം പാലിച്ചപ്പോൾ, അത് ദൈവസന്നിധിയിൽ വലിയ പാപമായി തീർന്നു.

വേദവചനം പറയുന്നത് ശ്രദ്ധിപ്പിൻ. **"ഞാൻ യഹോവ, അതു തന്നെ എന്റെ നാമം; ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടു കൊടുക്കയില്ല" (യെശ. 42:8)**

**സ്തുതിയും മഹത്വവും മാനവും കർത്താവിനു മാത്രം.**

എന്റെ ജീവിതത്തിൽ, ദൈവവേലയിൽ, എനിക്ക് തലവേദന വന്നിട്ടില്ല, രോഗ കിടക്കയിൽ ആയിരുന്നിട്ടില്ല എന്ന് പല പ്രാവശ്യം ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഇങ്ങനെ പറഞ്ഞതുകൊണ്ട് ഞാൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. മറിച്ച്, ഞാൻ തന്നെത്താൻ ഉയർത്തിയാണ് കാണിക്കുന്നതെന്ന് മനസ്സിലാക്കിയില്ല. എന്നാൽ ദൈവ ദൃഷ്ടിയിൽ അത് വലിയ പാപമായി കാണപ്പെട്ടു.

രക്ഷിക്കപ്പെടാത്ത കാലങ്ങളിൽ ഞാൻ വലിയ തെറ്റുകൾ ചെയ്തിട്ടുണ്ട്. അന്നൊന്നും ദൈവം എന്നെ ശിക്ഷിച്ചിട്ടില്ല. പക്ഷെ, ഞാൻ രക്ഷിക്കപ്പെട്ട്

ദൈവീക ശുശ്രൂഷയിൽ ആയതിനുശേഷം ചെറിയ തെറ്റു ചെയ്താലും അത് ദൈവ ദൃഷ്ടിയിൽ വലിയ പാപമായി കാണപ്പെടുന്നു. ഒരു കറുത്ത തുണിയിൽ ഏതു നിറം ചേർത്താലും നമ്മുടെ ദൃഷ്ടിയിൽ അതു കാണുവാൻ കഴിയില്ല. എന്നാൽ, ഒരു വെള്ള തുണിയിൽ ചെറിയ ഒരു പൊട്ടു വീണാലും അത് തെളിഞ്ഞ് കാണുവാൻ സാധിക്കും. രക്ഷിക്കപ്പെട്ടശേഷം ഏതൊരു ചെറിയ തെറ്റും ദൈവ ദൃഷ്ടിയിൽ വലിയ പാപമായി കാണും.

എന്റെ ഹൃദയത്തിലുണ്ടായ നിഗളിപ്പിന് ദൈവത്തിൽ നിന്നും ഒരു ശിക്ഷ കിട്ടും എന്ന് എനിക്ക് തോന്നി. അന്ന് ദാവീദ് രാജാവ് പ്രാർത്ഥിച്ചതുപ്പോലെ, കർത്താവേ, ഞാൻ എന്റെ നിഗളവും അഹങ്കാരവും ശരിയാക്കിക്കൊള്ളാം. ദൈവമേ, നീ എന്നെ ശിക്ഷിക്കുമെങ്കിൽ ശിക്ഷ കഠിനം ആക്കരുതേ എന്നു പ്രാർത്ഥിച്ചു. ഇതേ പ്രാർത്ഥനയാണ് ദാവീദ് രാജാവ് തനിക്കും തന്റെ മകനു വേണ്ടിയും ദൈവത്തോട് പ്രാർത്ഥിച്ചത്. ഇത് ഞാൻ വേദപുസ്തകത്തിൽ വായിച്ചപ്പോൾ, ഇങ്ങനെയും പ്രാർത്ഥിക്കാം എന്ന വിചാരത്തോടെ ഞാൻ ഉണർന്നു പ്രാർത്ഥിച്ചു. കർത്താവ് എന്നെ കഠിന ശിക്ഷ നൽകാതെ തന്നെ ശിക്ഷിച്ചു. അത് എന്നെ രോഗ കിടക്കയിലാക്കി. നടക്കുവാൻ കഴിയാതെ, ഒരിടത്തും പ്രസംഗിക്കുവാൻ പോകാൻ കഴിയാതെ എന്നെ വീട്ടിലാക്കി. പക്ഷെ, ദൈവം എന്നോട് കരുണ കാണിച്ചു. ഒരു വർഷത്തിനുശേഷം ഇപ്പോൾ എനിക്ക് നടക്കുവാൻ കഴിയുന്നു. തലകറക്കം (Vertigo) പൂർണ്ണമായും മാറി. ദൈവത്തിന് സ്തോത്രം.



Dr. Pushparaj

സുവിശേഷ വേലയ്ക്കോ, കൺവെൻഷൻ യോഗങ്ങളിലേയ്ക്കോ ഒരിടത്തും എനിക്കു പോകുവാൻ സാധിക്കുന്നില്ല. എന്നാൽ ദൈവകൃപയാൽ ജാമക്കാരൻ മാസികയിലൂടെ ദൈവവേല ചെയ്യുവാൻ ദൈവം എന്നെ അനുവദിച്ചു, ദൈവത്തിന് സ്തോത്രം !!!. അത് എന്നെ സമാധാനത്തിന്റെ പാതയിൽ നടത്തുന്നു. ഇതാണ്, ദൈവം എന്നെ കഠിനശിക്ഷയിൽ നിന്നും ഒഴിവാക്കിയ രീതി. നടക്കാൻ കഴിയാതെ, പ്രസംഗിക്കുവാൻ കഴിയാതെ, മറ്റുള്ളവർക്ക് ഭാരമാകാതെ ദൈവം എന്നെ താങ്ങി. അതിനെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. പക്ഷെ, ഞാൻ ഒരിക്കലും പിറുപിറുത്തില്ല. ഈ സാഹചര്യത്തിൽ ദൈവ വചനം എനിക്ക് വളരെയധികം ആശ്വാസം നൽകി.

**“മനസ്സോടെയല്ലല്ലോ അവൻ മനുഷ്യപുത്രന്മാരെ ദു:ഖിപ്പിച്ചു വ്യസനിപ്പിക്കുന്നത്” (വിലാ. 3:33).**

**“അവൻ അത് അവന്റെ മേൽ വച്ചിരിക്ക കൊണ്ട് അവൻ തനിച്ചു മൗനം ആയിരിക്കട്ടെ” (വിലാ. 3:28).**

ഇപ്പോൾ “ജാമക്കാരൻ” മാസിക എല്ലാ മാസവും പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നില്ല. ഇപ്രാവശ്യം 3/4 മാസത്തെ മാസിക ഒരുമിച്ച് അയയ്ക്കുവാൻ തീരുമാനിച്ച്, 2026 മാർച്ച് മാസം രണ്ടാമത്തെ ആഴ്ചയിൽ അയയ്ക്കുവാൻ ശ്രമിക്കുന്നു. ഈ ജാമക്കാരൻ മാസിക 2026 ഏപ്രിൽ മാസം നിങ്ങളുടെ കൈകളിൽ എത്തിച്ചേരുമെന്ന് ഞാൻ വിശ്വസിക്കുന്നു.

■ ഇപ്പോൾ ഞാൻ വീടിനുള്ളിൽ നടക്കുന്നു, ഓഫീസിൽ പോകുവാൻ സാധിക്കുന്നു. കർത്താവിന് മഹത്വം ഉണ്ടാകട്ടെ.

■ നിങ്ങൾ ഓരോരുത്തരും അയച്ചു തന്ന സംഭാവനകൾ എല്ലാം കിട്ടിയിട്ടുണ്ട്. അയച്ചു തന്ന എല്ലാവൽക്കും ദൈവനാമത്തിൽ നന്ദി പറയുന്നു. എന്നെ നേരിട്ടു വന്ന് കണ്ട് സംഭാവനകൾ നൽകിയവർക്കും ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു.

ഡോ. പുഷ്പരാജ്



# EU & EGF - ന്റെ ചരിത്രം

**PEVANGELICAL UNION FELLOWSHIP (EU)**

**EVANGELICAL GRADUATE FELLOWSHIP (EGF)**

**കുറിപ്പ്**: നമ്മുടെ നാട്ടിൽ മയക്കുമരുന്നിനും കഞ്ചാവിനും മദ്യപാനത്തിനും നമ്മുടെ സ്കൂൾ വിദ്യാർത്ഥികൾ, പെൺകുട്ടികൾ ഉൾപ്പടെ അടിമകളായി തീർന്നിരിക്കുന്നു. തമിഴ്നാട്ടിലെ തിരുനെൽ വേലിയിൽ ഹൈസ്കൂളിനു പിറകിൽ, ഏകദേശം പത്തോളം ഹൈസ്കൂൾ വിദ്യാരത്ഥിനികൾ മദ്യപിച്ചും മയക്കു മരുന്നു കഴിച്ചും മാനസിക വിഭ്രാന്തിയിൽ ചിരിച്ചു കൊണ്ടിരിക്കുന്നത് തമിഴ്നാട് പത്രത്തിൽ വാർത്ത വന്നിരുന്നു. അതിൽ രണ്ടു പേർ ഒഴികെ മറ്റുള്ള പെൺകുട്ടികൾ ക്രിസ്താനികൾ ആയിരുന്നു. കേരളത്തിലും ഇപ്പോൾ സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾ തന്നെ മയക്കു മരുന്നു കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നതായി പത്ര റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഇവരാരും ക്രിസ്തീയ കൺവെൻഷൻ യോഗങ്ങളിൽ പങ്കെടുക്കാറില്ല. അതുകൊണ്ട് സ്കൂളുകളിലും കോളേജുകളിലും, അവിടെയുള്ള അദ്ധ്യാപകർ തന്നെ ഉച്ച ഭക്ഷണ വേളകളിലും ഇടവേളകളിലും കുട്ടികളോട് ലഹരി വിരുദ്ധ പ്രചാരണങ്ങൾ നടത്തുകയും, അവരെ അതിന്റെ വിപത്തുകളെ ചൂണ്ടിക്കാട്ടി, അതിൽ നിന്നും മാനസാന്തരത്തിലേക്ക് വരുവാനുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ചു കൊണ്ടിരിക്കുന്നു.

ഇവരുടെ ഇടയിൽ ദൈവീക സന്ദേശങ്ങൾ നൽകി അവരെ മാനസാന്തരത്തിലേയ്ക്കു നയിക്കുവാൻ പ്രവർത്തിക്കുന്ന സംഘടനകളാണ് EU & EGF. കുട്ടികളുടെ ഇടയിൽ വിളംബരങ്ങളൊന്നും ഇല്ലാതെ പ്രവർത്തിച്ച്, അതിലൂടെ മദ്യപാനത്തിൽ നിന്നും മയക്കു

മരുന്നുപയോഗങ്ങളിൽ നിന്നും രക്ഷപ്പെട്ട ധാരാളം വിദ്യാർത്ഥികൾ ഉണ്ട്. ഇപ്രകാരം പ്രവർത്തിക്കുന്ന ഈ സംഘടനകളിൽ സ്കൂളുകളിലും കോളേജുകളിലും അദ്ധ്യാപകർ കൂടി ചേർന്ന് പ്രവർത്തിക്കണം.

## EU & EGF -ന്റെ ചരിത്രം

റവ. തിയഡോർ വില്യംസ് സ്ഥാപിച്ച IEM എന്ന മിഷണറി സ്ഥാപനത്തിന്റെ മാസികയിൽ എഴുതപ്പെട്ടിരുന്ന ഈ വിഷയത്തെ ഞാൻ പ്രസിദ്ധീകരിക്കുന്നു. ആരംഭകാലത്തിൽ ഇങ്ങനെയുള്ള കുട്ടികളുടെയിടയിൽ തുടങ്ങിയ ദൈവ വേല തമിഴ്നാട്ടിൽ ഇവരാണ് ആരംഭിച്ചത്. ഇവർ ആരംഭിച്ച ചരിത്രപരമായ പ്രവർത്തനങ്ങൾ നാമും അറിയേണ്ടത് ആവശ്യമാണ്. ക്രിസ്തീയ ലോകത്തിൽ History is His Stroy എന്നൊരു പഴഞ്ചൊല്ലുണ്ട്. ചരിത്രം സൃഷ്ടിക്കുന്നത് ദൈവമാണ്. കർത്താവ് എല്ലാത്തെയും സൃഷ്ടിച്ച് പരിപാലിക്കുന്നു. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപിനുശേഷം പരിശുദ്ധാത്മാവിന്റെ പ്രവർത്തന ങ്ങളാൽ മദ്ധ്യകടൽ തീരപ്രദേശങ്ങളായ നാടുകളിൽ ക്രിസ്തു വിശ്വാസം വളർന്നു. അത് അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകത്തിൽ നാം വായിക്കുന്നു. വലിയ പരീക്ഷകളുടെഇടയിൽ ജീവിച്ച ക്രൈസ്തവർ ക്രമേണ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് രാഷ്ട്രീയത്തിലും ആവശ്യമില്ലാത്ത ആചാരങ്ങളിലും ആകൃഷ്ടരായി മതത്തെ വികൃതമാക്കി.

മാർട്ടിൻ ലൂഥർ ആരംഭിച്ച പ്രൊട്ടസ്റ്റാന്റ് നവീകരണ പ്രസ്ഥാനത്തിലൂടെ ക്രൈസ്തവ സഭ വിശ്വാസത്തിലേക്ക് വളർന്നു. ഇത് 16-ാം നൂറ്റാണ്ടിൽ സംഭവിച്ചു. ഇവർ മുഖാന്തരമായി വേദപുസ്തകങ്ങൾ സൗജന്യമായി ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യപ്പെട്ടു. അങ്ങനെ വേദപുസ്ത വായനയിലൂടെ ദൈവവുമായുള്ള സമ്പർക്കം ഉണ്ടാകുകയും അതിലൂടെ ദൈവിക ശബ്ദത്തെ കേൾക്കുവാനും അനുസരിക്കുവാനും തുടങ്ങി. അതിലൂടെ താൻ അനുഭവിച്ച ദൈവീകത്വത്തെ മറ്റുള്ളവർക്കും പകർന്നു നൽകുവാൻ സാധിച്ചു. മറ്റു എല്ലാ രാജ്യങ്ങളിലും സംഘടന ആരംഭിക്കുകയും അതിലൂടെ സുവിശേഷം അറിയിക്കുകയും ചെയ്തു. അതിലൂടെ ഇരുളിലായിരുന്ന ജനത്തെ നിത്യവെളിച്ചത്തിലേക്ക് കൊണ്ട് വരുവാൻ കഴിഞ്ഞു.

ഇതിനെ തുടർന്ന് സീക്കൻസ് പൽക്ക് തുടങ്ങിയ മിഷണറിമാർ ഇന്ത്യക്കാരെ സന്ദർശിക്കുവാൻ കടന്നു വന്നു. AD 1700 മുതൽ 1900 വരെ യൂറോപ്യൻ സഭകൾ, സംഘടനകൾ, മിഷണറി സ്ഥാപനങ്ങൾ ക്രിസ്തുവിന്റെ സുവിശേഷ പ്രവർത്തത്തോടൊപ്പം, വിദ്യാഭ്യാസം, സാമൂഹിക സേവനം, ആശുപത്രികൾ വഴി മെഡിക്കൽ സേവനങ്ങളും നൽകി. അങ്ങനെ ഇൻഡ്യയിലും ഇത്തരം പ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുവാൻ തുടങ്ങി. അങ്ങനെ ധാരാളം പേർ, രക്ഷിക്കപ്പെട്ട് ക്രിസ്തുവിനെ അനുഭവിക്കുവാൻ തുടങ്ങി. 1790–ാം ആണ്ടിന്റെ ആരംഭം മുതൽ തന്നെ നമ്മുടെ നാടുകളിലും വിദേശ നാടുകളിലും കൊളോണിയൻ ഭരണത്തിൽ നിന്നുള്ള വിടുതലിനായുള്ള പോരാട്ടം തുടങ്ങി. 1790–ൽ എഡിൻബറോയിൽ സംഘടിപ്പിച്ച ലോക സുവിശേഷ മിഷണറിമാരുടെ കണവെൻഷനിൽ അതതു രാജ്യങ്ങളിൽ ആരംഭിക്കേണ്ട മിഷണറി പ്രവർത്തനങ്ങളുടെ അഅവശ്യകതകളെ ചൂണ്ടിക്കാട്ടുകയുണ്ടായി. അതതു രാജ്യങ്ങളിൽ പ്രവർത്തിക്കുവാൻ വിശ്വാസ വീരൻമാരെ തിരഞ്ഞെടുക്കുകയുണ്ടായി. നമ്മുടെ ഇൻഡ്യയിലും **ബിഷപ്പ്, അസറിയ** തുടങ്ങിയ നേതാക്കളാൽ ഇന്നേ ദിവസം വരെ പ്രവർത്തിക്കുന്ന ഇൻഡ്യൻ മിഷണറി സംഘടനകൾ, സ്വദേശ മിഷണറി സംഘടനകൾ വഴി ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ പ്രവർത്തിക്കുവാൻ തുടങ്ങി. ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ് നമ്മുടെ സി.എസ്.ഐ. സഭകളും ഉണ്ടായത്.

200 വർഷത്തിന്റെ സുവിശേഷ പ്രവർത്തനങ്ങളിലൂടെ, ഗുഡ്ന്യൂസ് ദീപം പ്രകാശിക്കുവാൻ തുടങ്ങി. ആ സാഹചര്യത്തിലാണ് 1947–ൽ നമുക്ക് സ്വാതന്ത്ര്യം ലഭിച്ചത്. സ്വാതന്ത്ര്യ ഇൻഡ്യയിൽ വിദ്യാഭ്യാസത്തിലുള്ള മുന്നേറ്റം, സാമൂഹിക മുന്നേറ്റം, വ്യാവസായിക മുന്നേറ്റം, മെഡിക്കൽ മേഖല എന്നിവയിൽ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞത് ഇത്തരം മിഷണറി പ്രവർത്തനങ്ങളിലൂടെയാണ്. അതോടൊപ്പം ജനങ്ങളുടെ ആത്മീയ മുന്നേറ്റങ്ങൾക്കായും ദൈവം പ്രവർത്തിച്ചു കൊണ്ടിരുന്നു. അങ്ങനെയാണ് VBS, EGF തുടങ്ങിയ സംഘടനകൾ 1950 കളിൽ ആരംഭിച്ചത്. തുടർന്ന് 1960–1970 കളിൽ FMPB, IEM, BYM തുടങ്ങിയ മിഷണറി സംഘടനകൾ

ആരംഭിച്ചു. ഈ സംഘടനകളെല്ലാം സഭയോടൊപ്പം ചേർന്നു പ്രവർത്തിക്കുവാനുള്ള ഏർപ്പാടുകളെ ചെയ്തു. ഇതോടൊപ്പം EU & EGF എന്നീ സംഘടന കളുടെ ആരംഭകാല ചരിത്രത്തെ നമുക്കു വായിക്കാം.

**ആരംഭ നാളുകൾ**

യേശുക്രിസ്തുവിനുവേണ്ടി യുവാക്കളുടെ ഇടയിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ള ഉന്നത ബിരുദധാരികൾ തങ്ങളുടെ ജീവിതത്തെ ദൈവവേലയ്ക്കായി സമർപ്പിച്ച് സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികളുടെ ഇടയിൽ പ്രവർത്തിക്കുവാൻ താല്പര്യത്തോടെ കടന്നു വന്നു. അങ്ങനെ തുടങ്ങിയവയാണ് EU സംഘടനയും EGF സംഘടനയും.

തന്റെ ബാല്യപ്രായത്തിൽ തന്നെത്തന്നെ ദൈവത്തിന് പൂർണ്ണമായി സമർപ്പിച്ച പ്രൊഫ. ഏനോക്ക്, വേദപുസ്തക സത്യങ്ങളെ ആഴമായി പഠിക്കുവാനും, അത് അനുസരിക്കുവാനും അദ്ധ്യാപകരെ പഠിപ്പിച്ചു. യേശുക്രിസ്തുവിന്റെ മലപ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുവാനും അവരെ ഉപദേശിച്ചു. ഇദ്ദേഹം സാധാരണക്കാരുടെയും പാവപ്പെട്ടവരുടെ ഇടയിൽ ജീവിച്ച് അവരുടെയിടയിൽ സുവിശേഷം അറിയിക്കുവാൻ ശ്രമിച്ചു. ഇദ്ദേഹം ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്തെ മെഡിക്കൽ കോളേജിൽ ജോലി ചെയ്തു കൊണ്ട് മീൻ പിടുത്തക്കാരുടെ ഇടയിൽ പ്രവർത്തിക്കുവാനും അവരോടൊപ്പം ജീവിക്കുവാനും, അവരെ സുവിശേഷിക്കുവാൻ തീരുമാനിച്ചു. എന്നാൽ 1949–ൽ അദ്ദേഹത്തിന് മദ്രാസ് സ്റ്റേറ്റ് കോളേജിലേയ്ക്ക് പ്രൊഫസറായി സ്ഥലം മാറ്റം ഉണ്ടായി. അവിടെ വെച്ച് കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ ബൈബിൾ സ്റ്റഡി ആരംഭിച്ചു. ക്രിസ്തുവിന്റെ സുവിശേഷം അറിയാത്ത ചെന്നൈയിലെ മറ്റു കോളേജ് വിദ്യാർത്ഥികളുടെ ഇടയിലും തന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ദൈവം വഴി നടത്തി. 1950–ൽ തന്റെ ഭവനത്തിൽ തന്നെ കോളേജ് വിദ്യാർത്ഥികളുടെ ഒരു പ്രയർ ഗ്രൂപ്പ് ആരംഭിച്ചു. 1951–ൽ അത് മദ്രാസ് സ്റ്റേറ്റ് പ്രയർ ഗ്രൂപ്പായി, മദ്രാസിലുള്ള എല്ലാ കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ദൈവം സഹായിച്ചു. അതേ സമയം H.S. പൊന്നുരാജ്, D ജയപാൽ എന്നീ വിശ്വാസികളായ വിദ്യാർത്ഥികൾ, കോയമ്പത്തൂർ എൻജിനീയറിംഗ് കോളേജിൽ ചേർന്നു. ഇവർ മുഖാന്തരം,

കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ EU എന്ന സംഘടന ആരംഭിച്ചു. ഇതേ സമയം EU എന്ന സംഘടനയെ C M C വെല്ലൂർ മെഡിക്കൽ കോളേജിലും ആരംഭിക്കുവാൻ അവിടത്തെ വിദ്യാർത്ഥികളും ആഗ്രഹിച്ചു. 1951–ൽ ഡോ. ജോൺ മൂഡി എന്ന വ്യക്തിയെ അവിടെ പ്രവർത്തിക്കുവാനായി ദൈവം അവിടെ കൊണ്ടു വന്നു. അദ്ദേഹത്തിന്റെ പ്രവർത്തനത്തിലൂടെ വെല്ലൂർ മെഡിക്കൽ കോളേജിൽ പ്രയർ ഗ്രൂപ്പ് ഉണ്ടായി.

ഡോ. നോർട്ടൻ സെട്രസ് അവർകളും പ്രൊഫ. ഏനോക്ക് അവർകളും പരസ്പരം ബന്ധപ്പെടുകയും, രണ്ടു പേരുടെയും ലക്ഷ്യം ഒന്നായിരുന്നതുകൊണ്ടും, വിദ്യാർത്ഥികളുടെ ഇടയിൽ നന്നായി പ്രവർത്തിച്ചതുകൊണ്ടും വിദ്യാർത്ഥികളിൽ പലരും മിഷണറി പ്രവർത്തനങ്ങളിലും, ബൈബിൾ സ്കൂൾ അദ്ധ്യാപകരായി ഉയിർത്തപ്പെടുകയും അങ്ങനെ പൂർണ്ണസമയ സുവിശേഷകരായി പ്രവർത്തിക്കുകയും ചെയ്തു. ഇവർ വെല്ലൂരിൽ **കസം** എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് 1954–ൽ ഒരുമിച്ചു കൂടി **ഗുഡ് ന്യൂസ് ഫെലോഷിപ്പ്** എന്ന പേരിൽ യുവാക്കളുടെ ഒരു സംഘടന രൂപീകരിച്ച് വേദപുസ്തക അടിസ്ഥാന സത്യങ്ങളെ അനുസരിച്ച് പ്രവർത്തനം തുടങ്ങി. ഈ സമയം അമേരിക്കയിലെ കൊളംബിയ ബൈബിൾ കോളേജിൽ പഠിച്ചു കൊണ്ടിരുന്ന **P.T. ശാന്തപിള്ള** അവർകളെ ഡോ. സ്ട്രഡ് സന്ദർശിച്ചു. അങ്ങനെ പ്രൊഫ. ഏനോക്ക് അവർകളെയും വെല്ലൂരിലെ ഗുഡ് ന്യൂസ് ഫെലോഷിപ്പിലെ വിദ്യാർത്ഥികളെയും ബന്ധപ്പെടുത്തി പ്രവർത്തിക്കുവാൻ തിരുമാനിച്ചു. അവർ 1956–ൽ മുഴുവൻ സമയ സുവിശേഷ വേലയ്ക്കായി തങ്ങളെത്തന്നെ സമർപ്പിച്ചു. 1956–ൽ P.T. ശാന്തപിള്ള അവർകളെ EU വിന്റെ ആദ്യ ജനറൽ സെക്രട്ടറിയായി ചുമതലപ്പെടുത്തി. ഇദ്ദേഹം ഗാന്ധിജിയെപ്പോലെ സാധാരണക്കാരനായും എന്നാൽ സുവിശേഷത്തിൽ തീഷ്ണതയോടെ പ്രവർത്തിക്കുകയും ചെയ്തു. അദ്ദേഹം മദ്രാസിൽ (ചെന്നൈ) സൈക്കിളിൽ യാത്ര ചെയ്ത യുവാക്കളുടെ ഓരോ മീറ്റിംഗുകളിൽ പങ്കെടുക്കുകയും വിദ്യാർത്ഥികളെയും ബിരുദധാരികളെയും ഒരുമിപ്പിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്തു. ഇതേ കാലഘട്ടത്തിൽ ഡോ. ജോൺ മൂഡി അവർകളും കോളേജ് ജോലി ഉപേക്ഷിച്ച് 1950–ൽ മുഴുവൻ സമയ ദൈവ വേലയിൽ ഇറങ്ങി.

ഡോ. സ്ട്രെഡ് കുടുംബം മദ്രാസിനെ കേന്ദ്രമാക്കി കേരള, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക സംസ്ഥാനങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിച്ചു.

**ഡോ. ജോൺ മോഡി** കുടുംബം **ഷില്ലോംഗ്** കേന്ദ്രമാക്കി ആസ്സാം, ഈസ്റ്റ് ബംഗാൾ, ഒറീസ്സ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ദൈവ വേല നടത്തി.

**മിസ്റ്റർ ശാന്തപിള്ള** കുടുംബം **നാഗ്പൂർ** കേന്ദ്രമാക്കിക്കൊണ്ട് മദ്ധ്യപ്രദേശ്, ഉത്തർ പ്രദേശ്, കാശ്മീർ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ ദൈവ വേല നടത്തി.

**മിസ്റ്റർ വാട്ട്സൻ** അവർകൾ പൂനെ കേന്ദ്രമാക്കി മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ദൈവ വേല നടത്തി.

1960–ൽ മിസ്റ്റർ വാട്ട്സൻ അവർകൾ തന്റെ സ്വദേശത്തിലേയ്ക്ക് മടങ്ങിപ്പോയി. അതുകൊണ്ട് ശ്രീ. സംഗീത് റാവു അവർകളും ശ്രീ. P.C. വർഗ്ഗീസ് അവർകളും വക്കീൽമാരായി ജോലി ചെയ്തു വരവെ, തങ്ങളെ പൂർണ്ണ സുവിശേഷ പ്രവർത്തനങ്ങൾക്കായി സമർപ്പിക്കുകയും ചെയ്തു. ഇവർ എല്ലാവരും കൂടെ ചേർന്ന് ഇൻഡ്യയുടെ നെടുകെയും കുറുകെയും യാത്ര ചെയ്ത് സുവിശേഷ പ്രവർത്തനം നടത്തി ശ്രീ. ശാന്തപിള്ളയോടൊപ്പം സംഘടനയുടെ അടിസ്ഥാനം ഉറപ്പിച്ചു. EU പ്രാർത്ഥനാഗ്രൂപ്പും EGF പ്രാർത്ഥനാഗ്രൂപ്പും ഇൻഡ്യയിൽ എല്ലായിടത്തും വേരൂന്നി വളർന്നു പന്തലിച്ചു. I E M മിഷണറി മാസികയുടെ എഡിറ്ററായി പ്രവർത്തിച്ച ശ്രീ. ആർതർഹോയി അവർകൾ 1969–ൽ ഫുൾടൈം മിനിസ്ട്രിയിൽ പ്രവർത്തിച്ച് ഇൻഡ്യ മുഴുവനും ഓടി നടന്ന് സുവിശേഷം അറിയിച്ചു. ഈ സമയത്താണ് പല എൻജിനിയറിംഗ് കോളേജുകളിലും ജോലി ചെയ്ത എൻജിനിയറായ ശ്രീ. ജെയിസ് രത്നരാജ് അവർകൾ 1973–ൽ കുടുംബമായി മുഴുവൻ സമയ ദൈവ വേലയിൽ സമർപ്പിച്ചു. ഇവർ തമിഴ്നാട്ടിൽ എല്ലായിടത്തും EU വിന്റെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ വിനിയോഗിക്കപ്പെട്ടു.

**ദൈവ വേലയുടെ വ്യാപനം (Decentralization)**

തമിഴ്നാട്ടിൽ നന്നായി വളർന്ന EU ന്റെയും EGF ന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒന്നായി പ്രവർത്തിക്കുവാൻ 1977–ൽ ഏർപ്പാടു

ചെയ്തു. **പ്രൊഫ. ഹാരിഡാനിയൽ** അവർകളെ പ്രസിഡന്റായും, **ശ്രീ. ജെയിംസ് രത്നരാജ്** അവർകളെ സ്റ്റേറ്റ് സെക്രട്ടറിയായും തെരഞ്ഞെടുത്ത് മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ഇതിന്റെ പ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി നടത്തി.

യുവാക്കൾ, ബിരുദധാരികൾ, ഫുൾടൈം മിനിസ്ട്രിയിൽ ഉള്ളവർ എല്ലാവരും ദൈവ സന്നിധിയിൽ മുട്ടുകുത്തി തങ്ങളെത്തന്നെ സമർപ്പിച്ചു കൊണ്ട് വേദപുസ്തക സത്യങ്ങളിൽ ഗവേഷണം നടത്തി തങ്ങളുടെ വിശ്വാസത്തെ ബലപ്പെടുത്തി. ഇവരാണ് സംസ്ഥാനങ്ങളിലും പട്ടണങ്ങളിലും പോയി സുവിശേഷ വേലകളിൽ വ്യാപൃതരായി. ഇങ്ങനെ ഇൻഡ്യയിൽ എല്ലായിടത്തും EU/EGF പ്രവർത്തനങ്ങൾ വ്യാപരിച്ചു. ഇതു വായിക്കുന്ന നാം എല്ലാവരും ഈ സുവിശേഷ വേലയിൽ പങ്കാളികളാണ്. അതോടൊപ്പം നിങ്ങൾ എല്ലാവരും ഈ സുവിശേഷ വേലയ്ക്കായി തങ്ങളെത്തന്നെ പൂർണ്ണമായും സമർപ്പിക്കണമെന്നും അഭ്യർത്ഥിച്ചു കൊള്ളുന്നു.

“നിങ്ങളോടു ദൈവ വചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ” (എബ്രാ. 13:7).

“ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക” (എബ്രാ. 12:1).


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**



C.S.I. Kanyakumari Diocese Bishop
**Rt. Rev. Dr. Christopher Vijayan**

# കന്യാകുമാരി ഡയോസിസിന് പുതിയ ബിഷപ്പ്

സി.എസ്.ഐ. കന്യാകുമാരി ഡയോസിസിന് തിരഞ്ഞെടുക്കപ്പെട്ട ബിഷപ്പ് **Rt.Rev.Dr. ക്രിസ്റ്റഫർ വിജയൻ** അവർകളെ എന്റെ പേരിലും ജാമക്കാരൻ വായനക്കാരുടെ പേരിലും അഭിനന്ദിക്കുന്നു.

MARCH -2025

## Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.